

# വികാരിയിൽ നിന്ന് ...

28-08-2017

ദൈവനാമം മഹത്വപ്പെടട്ടെ!

കർത്താവിൽ പ്രീയ ദൈവജനമെ,

സെപ്റ്റംബർ മാസം സഭാ പഞ്ചാംഗം അനുസരിച്ച് വളരെ പ്രധാനപ്പെട്ട ഒരു മാസമാണ്. ആദ്യ ആഴ്ച വിദ്യാഭ്യാസദിനമായി സഭ ആചരിക്കുന്നു. വിദ്യാഭ്യാസം കൊണ്ട് ഉന്നത മൂല്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുവാൻ കഴിയണം. സമൂഹത്തിൻെറ പിന്തുണയും ബന്ധപ്പെട്ടുനിൽക്കുന്ന എല്ലാവരുടേയും കൂട്ടായ പരിശ്രമവും ഉണ്ടെങ്കിലേ ഈ ലക്ഷ്യം കൈവരിക്കുവാൻ നമുക്ക് കഴിയുകയുള്ളൂ.

തുടർന്നുള്ള ആഴ്ച്ച 'സേവികാസംഘ' ദിനമായി കൊണ്ടാടുന്നു. ഈ വർഷത്തെ ചിന്താവിഷയം "സ്ത്രീകൾ മാറ്റത്തിൻെറ മാർഗ്ഗദർശികൾ" എന്നുള്ളതാണ്. സ്ത്രീകളൂടെ പങ്കാളിത്തമില്ലാതെ ഭവനവും, സമൂഹവും, സഭയും, രാഷ്ട്രവും കെട്ടുപണി ചെയ്യുവാൻ കഴിയുകയില്ല. സ്ത്രീകളൂടെ അന്ത:സ്സും, തുല്യതയും, നീതിയും ഉറപ്പാക്കിയാലെ അവർക്ക് ധൈര്യത്തോടെ രൂപാന്തരത്തിൻെറ ചാലകശക്തിയായി മാറാൻ കഴിയുകയുള്ളൂ. കർത്താവ് സ്ത്രീകളോട് വളരെ ആദരവോടും, സ്നേഹത്തോടും, മന:സ്സലിവോടുംകൂടി ഇടപെട്ടതായി സുവിശേഷം രേഖപ്പെടുത്തുന്നു. ആകയാൽ ദൈവം നമ്മെ നടത്തിയ വിധങ്ങൾ, പരിപാലിച്ച അനുഭവങ്ങൾ ഒന്നും മറക്കരുത്. സേവികാസംഘത്തിലൂടെ നല്ല സാക്ഷ്യം നിർവഹിപ്പാൻ ദൈവം തന്നിട്ടുള്ള നല്ല അവസരങ്ങൾ നാം അഗണ്യമാക്കികളയുകയല്ലയോ? അനുഗ്രഹങ്ങൾ തന്ന ദൈവത്തോട് നാം നന്ദിയുള്ളവരാണോ? എത്രയോ പേർക്ക് അവസരം ഉണ്ടായിട്ടും സേവികാസംഘ പ്രവർത്തനങ്ങളിൽ പങ്കാളികളാകാത്തത് ഖേദകരമായ വസ്തുതയാണ്.

പിന്നീടുള്ള ആഴ്ച്ച "സീനിയർ സിറ്റിസൺസ് ഡേ." വയോജനങ്ങൾ എല്ലാ കാലത്തും ആദരിക്കപ്പെടേണ്ടവർ തന്നെയാണ്. ജീവിതത്തിൽ ചോരയും നീരും കുടുംബത്തിനു വേണ്ടിയും സഭയ്ക്ക് വേണ്ടിയും രാഷ്ട്രത്തിനുവേണ്ടിയും നൽകിയവരാണ് അവർ. അവർ ഒരിക്കലും അവഗണിക്കപ്പെടുവാൻ പാടില്ല. അവർക്ക് അവർ അർഹിക്കുന്ന എല്ലാ പരിഗണനയും, സ്നേഹവും, കരുതലും, ബഹുമാനവും നൽകേണ്ടത് നമ്മുടെ കടമയാണ്.

സെപ്റ്റംബർ 28–ാം തീയതി മുതൽ നമ്മുടെ വി. ബി. എസ്. ആരംഭിക്കുന്നു. ഈ വർഷത്തെ നമ്മുടെ വി. ബി. എസിൻെറ ചിന്താവിഷയം 'നിൻെറ രാജ്യം വരേണമേ' (Thy Kingdom Come) മത്താ. 6:11 എന്ന കർത്തൃപ്രാർത്ഥനയിലെ ഒരു അപേക്ഷയാണ്. ഈ അപേക്ഷ എല്ലാ വിശ്വാസികളുടേയും സുന്ദര സ്വപ്നമാണ്. എല്ലാ കുഞ്ഞുങ്ങളേയും ഈ വർഷത്തെ വി. ബി. എസിൽ പങ്കെടുപ്പിക്കണം. കുഞ്ഞുങ്ങളാണ് ദൈവരാജ്യത്തിലെ പ്രധാനപ്പെട്ട വ്യക്തികൾ. അവർക്ക് ആവശ്യമായ കരുതലും സ്നേഹവും വാത്സല്യവും നൽകിയാലേ അവർ ശരീരത്തിലും മന:സ്സിലും ആത്മാവിലും ശരിയായി വളർച്ച പ്രാപിക്കുകയുള്ളൂ. എല്ലാവരുടേയും ആത്മാർത്ഥമായ പ്രാർത്ഥനയും, സഹകരണവും, പങ്കാളിത്തവും, പിന്തുണയും ഈ വർഷത്തെ വി. ബി. എസിനു ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഇന്നത്തെ മനുഷ്യന് പാപത്തെക്കുറിച്ചുള്ള അവബോധം കുറഞ്ഞുപോയിട്ടില്ലേ എന്ന് സന്ദേഹിക്കേണ്ടിയിരിക്കുന്നു. 'പാപബോധം' മനുഷ്യന് ഏറ്റവും അത്യന്താപേക്ഷിതമായ കാര്യമാണ്. 'പാപം' എന്നതിൻെറ മൂലപദത്തിന് (ഹമാർട്ടിയ–ഗ്രീക്ക്) ലക്ഷ്യം പിഴയ്ക്കുക, ഉന്നം തെറ്റുക എന്നിങ്ങനെയാണ് അർത്ഥം. അങ്ങനെയെങ്കിൽ നാമെല്ലാം തന്നെ ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്ന ലക്ഷ്യത്തിൽനിന്നും വ്യതിചലിച്ചിട്ടുണ്ട് എന്ന് തിരിച്ചറിയണം.നാം നമ്മുടെ തെറ്റിനെ ന്യായീകരിക്കാനും, മറെക്കാനുംപല ഉപശാന്തികളും കണ്ടുപിടിക്കും. എന്നാൽ ഇതൊന്നും ദൈവസന്നിധിയിൽ വിലപ്പോവുകയില്ല. വി. പൗലോസ് സ്ലീഹാ വ്യക്തമാക്കി "എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സില്ലാത്തവരായിത്തീർന്നു." (റോമ. 3:23). നമ്മുടെ പാപത്തെ നാം അംഗീകരിക്കുകയാണ് ഒന്നാമത് ചെയ്യേണ്ടത്. അതിനെപ്പറ്റി ന്യായീകരണം ഒന്നും വേണ്ട; മറ്റുള്ളവരുമായി താരതമ്യം വേണ്ട. ദൈവദൃഷ്ടിയിൽ പാപിയാകുന്നു എന്ന് സമ്മതിച്ച് അതേപ്പറ്റി പശ്ചാത്തപിക്കുക.

പാപമോചനം ലഭിക്കുന്നതിനുള്ള വ്യവസ്ഥ നാം അതിനായി ആഗ്രഹിക്കുകയും അപേക്ഷിക്കുകയും വേണമെന്നുള്ളതാണ്. അത് ഉദാരമായും സൗജന്യമായും യേശു നമുക്ക് നൽകും എന്നാണ് ഉറപ്പ് തന്നിരിക്കുന്നത്. നമ്മുടെ പാപങ്ങൾ പൂർണ്ണമായി ഏറ്റുപറഞ്ഞ്, മോചന പ്രഖ്യാപനം പ്രാപിക്കുമ്പോൾ, അവ പൂർണ്ണമായി മോചിക്കപ്പെട്ടിരിക്കുന്നു എന്നു നമുക്ക് വിശ്വസിക്കാം. ദൈവം നമുക്ക് മോചനം നൽകുമെന്നുള്ളത് യെശ. 43:25–ൽ വ്യക്തമാക്കിയിട്ടുണ്ട്. "എൻെറ നിമിത്തം ഞാൻ, ഞാൻ തന്നെ നിൻെറ അതിക്രമങ്ങളെ മായിച്ചുകളയുന്നു; നിൻെറ പാപങ്ങളെ ഞാൻ ഓർക്കുകയുമില്ല. കൂടാതെ യെശയ്യാവ് 1:18–ൽ "നിങ്ങളുടെ പാപങ്ങൾ കടും ചുവപ്പായിരുന്നാലും ഹിമം പോലെ വെളുക്കും, രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും".

പാപമോചനം ലഭിക്കുന്നതിന് ഒരു മാർഗ്ഗമേയുള്ളൂ. വി. യോഹന്നാൻ ശ്ലീഹാ അത് വെളിപ്പെടുത്തുന്നു. "നമ്മുടെ പാപങ്ങളെ നാം ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു. (1യോഹ. 1:9) ജ്ഞാനിയായ ശലോമോനും പറഞ്ഞിട്ടുണ്ട് "തൻെറ ലംഘനങ്ങളെ മറെക്കുന്നവന് ശുഭം വരുകയില്ല; അവയെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും" (സദൃ. 28:13).

പാപമോചനത്തിൻെറ വാഗ്ദാനം ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവർക്കും ഉള്ളതാണ്. യേശുക്രിസ്തുവിലുള്ള വിശ്വാസമാണ് പാപമോചനത്തിന് ആവശ്യമായിട്ടുള്ളത്. വി. പൗലോസ് ശ്ലീഹ എഫേസ്യർ ലേഖനത്തിൽ വ്യക്തമാക്കുന്നു "അവനിൽ നമുക്ക് അവൻെറ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പ് ഉണ്ട്". അത് അവൻ നമ്മുക്ക് താൻ ധാരാളമായി കാണിച്ച കൃപാധനപ്രകാരം സകലജ്ഞാനവും വിവേകവുമായി നൽകിയിരിക്കുന്നു" (എഫെ. 1:7,8). പാപിനിയായ സ്ത്രീയെ, കർത്താവിൻെറ പാദങ്ങൾ കണ്ണീരിനാൽ കഴുകി പശ്ചാത്തപിച്ച് ഏറ്റുപറഞ്ഞപ്പോൾ അവളുടെ അനവധിയായ പാപങ്ങൾ ക്ഷമിച്ച് അവളെ ദൈവപൈതലാക്കിത്തീർക്കുന്നു. അതുപോലെ നാമും നമ്മുടെ പാപങ്ങൾ ആത്മാർത്ഥമായി ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് പശ്ചാത്തപിച്ചാൽ അരുമനാഥൻ നമ്മെ മാർവ്വോടണച്ച് നമ്മുടെ സകല ലംഘനങ്ങളും ക്ഷമിക്കുന്നവനാണ്. പാപമോചനം പ്രാപിച്ച് ദൈവപൈതലായി മനസ്സ് പുതുക്കി രൂപാന്തരപ്പെട്ട് കർത്താവിനു വേണ്ടി നമുക്ക് ജീവിക്കാം. അതിന് ദൈവം തൻെറ പരിശുദ്ധാത്മാവിനാൽ നമ്മെ സഹായിക്കട്ടെ എന്ന പ്രാർത്ഥനയോടെ നിർത്തുന്നു.

എന്ന്, നിങ്ങളുടെ ഇടവക വികാരി.

**റവ. ജോർജ് യോഹന്നാൻ**
ഫോൺ. 39732763,17250630
rev.georgeyohannan@gmail.com